# e-ജാലകം

## ഡിജിറ്റൽ മാഗസിൻ

## ജി.എച്ച്.എസ് മങ്കട



# ചരിത്രം



1906-ൽ എലിമെന്ററി സ്കൂൾ (എൽ.പി. സ്കൂൾ) ആയി സ്ഥാപിതമായ വിദ്യാലയം പിന്നീട് ഹയർ എലിമെന്ററി സ്കൂളായി (യു.പി സ്കൂൾ)ഉയർത്തപ്പെട്ടു.പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റായിരുന്ന ശ്രീ.പി.ടി.ഭാസ്കരപ്പണിക്കരുടെ പ്രത്യേക താൽപര്യത്തിൽ 1957ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. തുടർന്ന് ഭരണസൗകര്യാർത്ഥം എൽ.പി സ്കൂളും, ഹൈസ്കൂളും പ്രത്യേക കോമ്പൗണ്ടുകളിലായി വേർതിരിഞ്ഞു പ്രവർത്തിച്ചുവരുന്നു. ഹൈസ്കൂൾ വിഭാഗം 1991-ൽ VHS ആയും ,2000-ൽ ഹയർസെക്കന്ററിയായും ഉയർന്നു. മങ്കട കോവിലകത്തെ റാവു ബഹദൂർ എം.സി. കൃഷ്ണവർമ്മരാജ അവർകളാൽ സ്ഥാപിക്കപ്പെടുകയും പിന്നീട് സ്കൂളും അതിനാവശ്യമായ ഭൂമിയും സർക്കാറിലേക്ക് സൗജന്യമായി നൽകുകയും ചെയ്തു ഈ സത്കർമ്മത്തിന് നേതൃത്വം നൽകിയ മങ്കട കോവിലകത്തേയും,കിഴക്കേപ്പാട്ട് ശ്രീദേവി അമ്മയേയും അവരുടെ മക്കൾ വിശിഷ്യ ശ്രീ. രാധാകൃഷ്ണ മേനോൻ , കെ. ഗംഗാധരമേനോൻ എന്ന കുട്ടൻ മേനോൻ എന്നിവരാണ്.

# സന്ദേശം



ശ്രീമതി. അനിത പി പി
ഹെഡ്മിസ്ട്രസ്
ജി.എച്ച്.എസ് മങ്കട

കുട്ടികളുടെ സർഗ്ഗാത്മക രചനകളെ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ e- ജാലകം എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

# ഉള്ളടക്കം


പേജ്

കവിത 4

കഥ 6

ലേഖനം 7

വര 8

# തിരിച്ചുകിട്ടിയ പുഴകൾ

തിരികെ വരാൻ പ്രതീക്ഷയോടെ
കാത്തിരുന്ന ചില നിമിഷങ്ങൾ
പ്രതീക്ഷിക്കാതെ തേടി വരുന്നത്
തിരിച്ചുകിട്ടിയ പുഴകളിലെ വെള്ളത്തിലെ
തുല്യമാം ജലത്തുള്ളികൾക്ക് സമമായമായി തീരുന്നു
കയ്യിലെത്തിയത് കയ്യിൽനിന്ന്
പുഴയിലേക്കൊഴുകിപ്പോയ നിമിഷങ്ങളുടെ
നീറ്റലിനെ മായ്ച്ചു കളയണമെന്ന്
കരുതിയിരിക്കുന്നെന്റെ മനസ്സിലെ ചിന്തകൾ
കയ്യിലെത്തിയതാനന്ദത്തിന്

ഷഹന
7 A

# ഇനിയുമെത്രനാൾ

ഒരു നോക്കു കാണുവാൻ ഇനിയും എത്ര നാൾ
ഒരു നോക്കുകൂടി കാണാനായി കൊതിക്കുന്നു ഞാൻ
തിരിഞ്ഞു നോക്കുവാൻ കൊതിച്ച നേരം
കാണാത്ത കാഴ്ചയെ മായാത്ത ഓർമ്മയെ
കണ്ടുതീർക്കാൻ കൊതിച്ചു പോയി
യാത്രയിൽ കാണാൻ മറന്നു നിൻ മുഖം
ഓർമ്മ പോലെ മനസ്സിൽ വിങ്ങി നിൽപ്പൂ
തിരികെ പോയിരുന്നെങ്കിലെന്നാശിപ്പു ഞാൻ
തിരികെ വന്നിരുന്നെങ്കിൽ ആ ഓർമ്മകൾ
എൻ മനസ്സിൽ കൂടുകെട്ടിയ നിൻ കാണാകാഴ്ച
പതിയെ എൻ സന്തോഷമായി മാറിടുന്നു
എൻ മനസ്സിൽ നിറഞ്ഞുനിന്നോർമ്മകൾ
എൻ മനസ്സിൽ നിറഞ്ഞു നിൻ ചിന്തകൾ
എത്ര തേടണം ഒരു നോക്കു കാണുവാൻ
ആ യാത്രയിൽ കാണാൻ മറന്ന നിന്നെ
നിന്നോർമ്മകൾ തേങ്ങലായ് മാറുന്നുവോ
എന്നിൽ നിന്നു നീയകന്നു പോകുന്നുവോ
ഉമ്മറപ്പടിയിലിരുന്നു ഞാൻ
നിന്നോർമ്മയാൽ
തുടച്ചു നീക്കാൻ കഴിയുമോ
ആ കാണാത്ത കാഴ്ചയെ
തീരാത്ത ഓർമ്മയെ
എന്നെന്നേക്കുമായ്

അൽന പി
9 A

## മഴക്കൊടുവിൽ

ഉറ്റി വീണുകൊണ്ടിരുന്ന മഴത്തുള്ളികൾ ജനലഴികൾക്കിടയിലൂടെ കൈവെള്ളയിലാക്കി ആ വൃദ്ധനെടുവീർപ്പിട്ടു. ഓരോ മഴയത്തും പ്രതീക്ഷയോടെ ഇങ്ങനെ നോക്കിയിരിക്കും. തന്നെ തിരികെ കൊണ്ടുപോകാനായി വരുന്ന കാറിൻറെ ശബ്ദത്തിനായി ചെവിയോർത്ത്. ഇതുപോലൊരു മഴയത്താണ് തന്നെയും കൂട്ടി മകൻ ഈ പടി കയറിവന്നത്. മക്കളും ബന്ധുക്കളും ഭാരമായി കണ്ട് ഒഴിവാക്കി അവരുടെ വൃദ്ധ മന്ദിരത്തിലേക്ക്. ശാന്തേ എത്ര നേരായി ഈ ഇരിപ്പ് ? വാ വന്നു വല്ലതും കഴിക്ക് മറിയാമ്മയാണ് വിളിച്ചത് .കണ്ടില്ലെങ്കിലും ആ ശബ്ദം കേട്ടാൽ തിരിച്ചറിറാം. തന്നെപ്പോലെ ഇവിടെ ബന്ധിപ്പിക്കപ്പെട്ട മറ്റൊരാൾ. അവർക്കിനി പ്രതീക്ഷിക്കാനൊന്നുമില്ല. തന്നെക്കാൾ എത്രയോ മുമ്പ് ഈ പടി കയറിയതാണവർ. ഒന്ന് രണ്ട് വർഷം തന്നെപ്പോലെ ജനറൽ പിടിച്ച് പുറത്തേക്കു നോക്കിയിരുന്നു. പിന്നെ ഈ അവസ്ഥ അംഗീകരിച്ചു. ഇനിയാരും വരൈില്ല ന്ന് മനസ്സിൽ ഉറപ്പിച്ചു. പക്ഷേ അവരെപ്പോലെയാണോ ഞാൻ. അവരുടെ മക്കൾ ഒന്നും പറയാതെ ഉപേക്ഷിച്ചു പോയതാണ്. പക്ഷേ തന്നോട് മകൻ പറഞ്ഞിട്ടാണ് പോയത് .ജോലി ആവശ്യാർത്ഥമാണ് പോകന്നതെന്നും കുറച്ചു ദിവസമേ അമ്മയ്ക്ക് ഇവിടെ നിൽക്കേണ്ടിവരും എന്നും. ആ ദിവസങ്ങൾ ഇപ്പോൾ മാസങ്ങളായി ഇനിയും നീളുമോ ഇത് ഇവിടെ എത്തിയിട്ട് ആദ്യത്തെ ഒരാഴ്ച മകൻ വിളിച്ചിരുന്നു ഇപ്പോൾ അതുമില്ല അവൻ എവിടെയാണെന്ന് പോലും അറിയില്ല. പുറത്തൊരു കൈ സ്പർശം അറിഞ്ഞപ്പോഴാണ് ശാന്തമ്മ ചിന്തയിൽനിന്ന് ലക്ഷ്മിയാണ് അവളുടെ മുഖത്ത് ആകുലത പ്രകടം എന്താ ചേച്ചി ഇങ്ങനെ എന്തെങ്കിലും കഴിക്കൂ രണ്ടുദിവസമായി നിങ്ങൾ മര്യാദയ്ക്ക് എന്തെങ്കിലും കഴിച്ചിട്ട് ഒന്നും പറഞ്ഞില്ല ഒരു പുഞ്ചിരി മാത്രം തിരിച്ചുകൊടുത്തു. നനഞ്ഞ കൈ തിരിച്ചെടുത്ത കട്ടിലിൽ ഒന്ന് മറന്ന് ഇരുന്നു ശരിയാണ് ആർക്കുവേണ്ടിയാണ് ഇങ്ങനെ സ്വയം ഉപദ്രവിക്കുന്നത് തന്നെ വേണ്ടാത്ത മക്കൾക്ക് വേണ്ടിയോ ഒഴിവാക്കിയ ബന്ധുക്കൾക്ക് വേണ്ടിയോ ഞാൻ കഴിച്ചോളാം അവളുടെ മുഖത്ത് നോക്കി ഒരു ചിരി കൂടെ സമ്മാനിച്ച ഞാൻ പറഞ്ഞു. എൻറെ മുഖത്തേക്ക് ഒന്നുകൂടെ നോക്കി ഒരു നെടുവീർപ്പിട്ട് അവൾ പോയി ആർക്കുവേണ്ടിയാണ് ഈ കാത്തിരിപ്പ്. പ്രായമേറെയായി തൻറെ യൗവനം മുഴുവൻ അച്ഛനില്ലാതായ തൻറെ മകനെ വളർത്താനായി നീക്കി വച്ചു. അവനു രണ്ടു വയസ്സായപ്പോൾ മരിച്ചതാണ് അവൻറെ അച്ഛൻ പിന്നെ കൂലി തൊഴിലെടുത്ത് ഏറെ ബുദ്ധിമുട്ടിയാണ് അവനെ വളർത്തിയത് നല്ല നിലയിൽ എത്തിച്ചത്. എന്നിട്ടിപ്പോൾ ചിലപ്പോൾ മറിയാമ്മയും ലക്ഷ്മിയും ഒക്കെ പറയുന്നത് ശരിയായിരിക്കാം അവൻ ഇനി തിരിച്ചുവരില്ലായിരിക്കും.അവന് സ്വന്തം കുടുംബം ആയില്ലേ ഭാര്യയും കുട്ടികളുണ്ട് ഇനി ഈ വൃദ്ധയെ വേണ്ടായിരിക്കും അവൻ ഇനി വരില്ല എന്ന ചിന്ത തന്നെ തന്നെ വെട്ടി നുറുക്കുന്നതിന് സമാനമാണ്. പക്ഷേ ചിലപ്പോൾ അതായിരിക്കും സത്യം. വീണ്ടുമൊരു നെടുവീർപ്പിട്ടു അവർ കട്ടിലിൽ നിന്നും എഴുന്നേറ്റു പതുക്കെ വാതിൽ കടന്ന് കുറച്ചു വെള്ളമെടുക്കാനായി കൂജയ്ക്ക് അടുത്തേക്ക് നടന്നു. വെള്ളമെടുക്കാനായി കൈനീട്ടി പെട്ടെന്നാണ് തോന്നിയത് നെഞ്ചിനുള്ളിൽ കുത്തുന്ന ഒരു വേദന നിമിഷനേരം കൊണ്ട് കണ്ണുകൾ വാങ്ങാൻ തുടങ്ങുകയാണോ ഒന്നും വ്യക്തമാകുന്നില്ല തല ചുറ്റുന്ന പോലെ തോന്നുന്നു ചെവിയിൽ അവ്യക്തമായി ആരുടെയൊക്കെ ശബ്ദങ്ങൾ കേൾക്കുന്നു ലക്ഷ്മി ആണെന്ന് തോന്നുന്നു കരയുന്നത് അവളെ ആശ്വസിപ്പിക്കണം പക്ഷേ ശബ്ദം പുറത്തേക്ക് വരുന്നില്ല പിന്നെയും വേറെ ആരുടെ ശബ്ദങ്ങൾ കേൾക്കുന്നു അതിൽ തൻറെ മകൻറെ സ്വരം ഉണ്ടോ ഇല്ല അല്ലെങ്കിലും എങ്ങനെ ഉണ്ടാവാനാണ് അടുത്ത നിമിഷം ഇരുട്ട് കണ്ണുകളെ മൂടി ഒന്നും കേൾക്കാൻ ആകുന്നില്ല എന്താണ് സംഭവിക്കുന്നത് മഴ തുടങ്ങിയിരിക്കുന്നു ഇപ്പോൾ ശാന്തമാണ് എന്തായി ഡോക്ടർ ഹൃദയാഘാതമായിരുന്നു കുറച്ചുകൂടി നേരത്തെ എത്തിച്ചിരുന്നെങ്കിൽ രക്ഷിക്കാമായിരുന്നു .ബന്ധുക്കളാരെങ്കിലും ഉണ്ടെങ്കിൽ വിളിച്ചോളൂ മൃതദേഹം കൊണ്ടുപോകാം ഡോക്ടറുടെ ശബ്ദം നേർത്തു വന്നു .ഒന്നു മൂളുക മാത്രം ചെയ്തിട്ട് അയാൾ ഇറങ്ങിനടന്നു .ബന്ധുക്കൾ?.. ആരെ വിളിക്കാനാണ് അമ്മയെ വിളിച്ച് ഒന്ന് സംസാരിക്കാനോ കഴിക്കാൻ ഉപദേശിക്കാനോ  എത്രയോ വട്ടം അപേക്ഷിച്ചിട്ടും കേൾക്കാത്ത ഒരു മകനാണ് അവർക്കുള്ളത് .അവൻ വരുമെന്ന് തോന്നുന്നില്ല. ഇനി വൃദ്ധ മന്ദിരത്തിൻറെ നേതൃത്വത്തിൽ തന്നെ സംസ്കരിക്കുന്നതാണ് നല്ലത്. ഒന്നാലോചിച്ചാൽ മരണം അവർക്ക് വേണ്ടത് തന്നെ ആയിരുന്നു ഈ പ്രായത്തിൽ ഓരോ മഴയത്തും പ്രതീക്ഷകളുമായി ഇരിക്കുകയും ഒടുവിൽ വരില്ലെന്ന് ഉറപ്പിച് വിഷാദത്തിൻറെ കയത്തിൽ മുങ്ങുന്നതിനേക്കാൾനല്ലത് അതാണ്. വേദനയില്ലാത്ത ലോകത്തേക്ക് പോകുന്നത്...

## പുസ്തക വായന മുതൽ ഇ വായന വരെ

ലോകത്തിൻറെ സാങ്കേതിക വിദ്യകളുടെ ഉയർച്ച ഇന്ന് അളക്കാവുന്നതിനും അപ്പുറമാണ്. എല്ലാ ഇനത്തിലും ലോകം ഇന്ന് സാങ്കേതിക വിദ്യകളാൽ മൂടപ്പെട്ടിരിക്കുന്നു. വായന നമ്മുടെയെല്ലാം ജീവിതത്തിൽ ദിനചര്യയും അല്ലെങ്കിൽ വല്ലപ്പോഴുമൊക്കെ നടക്കുന്ന ഒരു ദൗത്യമായും നിലകൊള്ളുന്നു. അതിന്ന് എത്രത്തോളം വികസിച്ചിട്ടുണ്ട് എന്ന് നാം ചിന്തിച്ചിട്ടുണ്ടോ? ഭൂതകാലത്തെ വായന രീതിയും വർത്തമാനകാലത്തെ വായന രീതിയും എങ്ങനെയാണെന്ന് അല്ലെങ്കിൽ രണ്ടും തമ്മിലുള്ള നിലവിലെ മാറ്റങ്ങൾ എന്തെന്ന് ചികഞ്ഞു നോക്കിയിട്ടുണ്ടോ?

നമ്മുടെ ലോകം ഇന്ന് പുസ്തകവായനയിൽ തുടങ്ങി ഈ വായനയിൽ വരെ എത്തിച്ചേർന്നിരിക്കുന്നു. വായനയെ ജീവനായി കൊണ്ടുനടക്കുന്ന വരും എന്നാൽ മറുതലക്കൽ അതിനോട് താൽപര്യമില്ലാത്ത ഒരു മുണ്ട്. വായനയെ ഇഷ്ടപ്പെടുന്നവർക്ക് ലോകത്തിലെ ഏത് കോണിൽ ഇരുന്നാലും ഇന്ന് വായിക്കാം. ഭൂതകാല വായനകൾ വളരെ രസകരമായിരുന്നു. എവിടുന്നെങ്കിലും കിട്ടുന്ന ചെറിയ ചെറിയ ബുക്കുകൾ ശേഖരിച്ച് വായിച്ചു തുടങ്ങും ഇഷ്ടപ്പെട്ട പുസ്തകം തന്നെ ലഭിക്കണമെന്നില്ല.

സമയം കളയുവാൻ മാത്രമായിട്ടാണ് പലരും വായനയെ കാണുന്നത്. എന്നാൽ അറിവും അനുഭവങ്ങളും പുസ്തകങ്ങൾ നമ്മോട് പങ്കുവെക്കുന്നുണ്ട്. പഴയ വായന രീതികളൊന്നും അത്രമേൽ നമ്മെയും നമ്മുടെ ശരീരത്തെയും കുടിക്കുന്നില്ല. എന്നാൽ ഇഷ്ടപ്പെട്ട പുസ്തകങ്ങൾ ലഭിക്കുവാൻ പ്രയാസമാണ്. അതുപോലെ തന്നെയാണ് ഈ വായനയും. ഈ വായന അഥവാ ഇൻറർനെറ്റ് വായന വിരൽത്തുമ്പിൽ തന്നെ നമ്മുടെ ഇഷ്ടാനുസൃത മുള്ള സാഹിത്യകാരനെ കൃതി നമുക്ക് ലഭിക്കും. ഇഷ്ടമുള്ള സ്ഥലത്തിരുന്ന് ഇഷ്ടപ്പെട്ട സമയത്ത് നമുക്ക് വായിക്കാൻ കഴിയും എന്നാൽ അമിതമായുള്ള ഈ വായന നമ്മുടെ ശരീരത്തെ ദോഷകരമായി ബാധിക്കും. തലവേദന കണ്ണുവേദന കാഴ്ചക്കുറവ് എന്നിവയും രാത്രി ഏറെ സമയം ഉറക്കം ഒഴിച്ചുള്ള വായന ഉറക്കം കുറയുന്നു കണ്ണിനു ചുറ്റുഭാഗവും കറുത്ത നിറം വളരുക തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കും.

വായന വളരെ വലിയ ഒരു ലോകമാണ്. മനസ്സിൻറെ ശാന്തതയും സങ്കടങ്ങളും ആലോചനകളും കുറയ്ക്കുവാനും പുതിയ അനുഭവങ്ങളും ജീവിതരീതികളും സംസാരശൈലി കളും മനസ്സിലാക്കുവാനും പഠിക്കുവാനും വായന സഹായിക്കും. വായനയെക്കുറിച്ച് കുഞ്ഞുണ്ണി മാഷിൻറെ പ്രസിദ്ധമായ വരികൾ ഇങ്ങനെയാണ്" ഞാനും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" അത്രയ്ക്കും മഹത്തരമാണ് വായന.

ജീവിതരീതി വികസനങ്ങൾക്ക് ഒരു നല്ല മാർഗമാണ് വായന. വായനയുടെ മഹത്വം മനസ്സിലാക്കി എല്ലാവരും വായനയെ ഒരുപോലെ ചേർത്ത് പിടിക്കുക. മനസ്സിൻറെ പല രോഗങ്ങൾക്കുമുള്ള മരുന്നാണ് വായന.

ഷഹ്മ കെ
9A

# വര.....



**അജിൻ എസ് എം**
**8 A**



**സന കളത്തിൽ**
**9 E**



# ഡിജിറ്റൽ സാക്ഷാത്ക്കാരം

## ലിറ്റിൽ കൈറ്റ്സ്

## ജി.എച്ച്.എസ് മങ്കട